# ശിവ അവതരണവും എക്കണോമിയുടെ അവതാരവും.

ഇന്ന് ശിവബാബ തന്റെ അതിസ്നേഹികളും മധുരമധുരവുമായ സാലീഗ്രാമ കുട്ടികളുമായി മിലനം ആഘോഷിക്കാൻ വന്നിരിക്കുകയാണ്. ഇന്ന് ശിവന്റെയും സാലീഗ്രാമങ്ങളുടേയും വിശേഷ ദിവസമാണ്. ബാബയ്ക്ക് കുട്ടികളേ കണ്ട് സന്തോഷം തോന്നുന്നു കാരണം അച്ഛൻ കുട്ടികളുടെ ജന്മദിനം ആഘോഷിക്കാൻ വന്നിരിക്കുന്നു കുട്ടികൾ പറയുന്നു ഞങ്ങൾ അച്ഛന്റെ ജന്മദിനം ആഘോഷിക്കാൻ വന്നിരിക്കുകയാണ്. ബാബയ്ക്കും സന്തോഷമാണ് കുട്ടികൾക്കും സന്തോഷമാണ്. എന്ത് കൊണ്ട്. എന്ത് കൊണ്ടെന്നാൽ ഈ ജന്മദിനം മുഴുവൻ കൽപ്പത്തിലും വേറിട്ടതും പ്രിയപ്പെട്ടതുമാണ്. മുഴുവൻ കൽപ്പത്തിലും ഇങ്ങനെയുള്ള ഒരു ജന്മദിനം മറ്റാർക്കും ആഘോഷിക്കുന്നില്ല. അച്ഛനും മക്കൾക്കും ഒരു പോലെ ഒരേ സമയം ജന്മദിനം ആഘോഷിക്കുന്നു, ഇത് മറ്റൊരു സമയത്തും മറ്റാർക്കും സംഭവിക്കുന്നില്ല. അതിനാൽ ബാബ് ദാദ കുട്ടികൾക്ക് കോടി കോടി ആശംസകൾ നൽകുന്നു. കുട്ടികളുടെ ആശംസകൾ അമൃതവേള മുതൽ വളരെ വളരെ സ്നഹത്തോടെ, ഹൃദയത്തിൽ നിന്നുള്ള ആശംസകൾ ബാബ് ദാദയുടെ അടുക്കൽ എത്തി കൊണ്ടിരിക്കുന്നു. ബാബ് ദാദ ഇത്രയും കുട്ടികളെ, സാലിഗ്രാമങ്ങളെ കണ്ട് ഈ സന്തോഷത്തിന്റെ ഗീതം ഹൃദയത്തിൽ പാടി കൊണ്ടിരിക്കുന്നു ആഹാ തിരികെ കിട്ടിയ മക്കളെ ആഹാ! ആഹാ അതി സ്നേഹീ മക്കളെ ആഹാ! ആഹാ അലൗകീക ജന്മ, അലൗകീക ജന്മദിനമാഘോഷിക്കുന്നവരെ ആഹാ! ബാബ് ദാദ ഓരോരോ കുട്ടികൾക്ക് വേണ്ടിയും ആഹാ ഗീതം പാടി കൊണ്ടിരിക്കുന്നു കാരണം ലോകം മുഴുവനുമുള്ള അത്രയും ആത്മാക്കളിൽ നിന്നും നിങ്ങൾ ഇത്രയും കുറച്ച് മക്കൾ കോടി കോടി ഭാഗ്യശാലികളായി മാറിയിരിക്കുന്നു തുടർന്നും ഭാഗ്യശാലികളായി ഇരിക്കുകയും ചെയ്യും. അര കൽപ്പം അമര ഭാഗ്യവാന്മാരായിരിക്കും. ഒരു ജന്മത്തേക്കുള്ള വരദാനമല്ല, അനേക ജന്മം അമര വരദാനികളായി മാറിയിരിക്കുന്നു. ഇങ്ങനെയുള്ള കുട്ടികൾക്ക് തന്റെ സ്വമാനം എത്രത്തോളം ഓർമ്മയിലിരിക്കുന്നുണ്ട്. ഈ അലൗകീക ജന്മദിനത്തിന്റെ അഥവാ അലൗകീക ജന്മത്തിന്റെ അനശ്വര അവകാശം ബാബ ജനിക്കുമ്പോൾ തന്നെ ബാബ കുച്ചികൾക്ക് നൽകുന്നു. ജനന സമയം തന്നെ സ്മൃതിയുടെ ശ്രേഷ്ഠ തിലകവും ബാബ കുട്ടികൾക്ക് നൽകുന്നു. തിലകവും ഇട്ടിട്ടില്ലേ. ബ്രാഹ്മണ ജീവിതമാണെങ്കിൽ തിലകവും അവിനാശിയാണ്. ബ്രാഹ്മണരുടെ നെറ്റിതടത്തിലെ തിലകം, ഇത് ശ്രേഷ്ഠഭാഗ്യത്തിന്റെ അടയാളമാണ്.

നിങ്ങൾ എല്ലാവരും, നാലുഭാഗത്തുമുള്ള കുട്ടികൾ ദൂരെ ഇരുന്നും വളരെ ഉണർവ്വിലും ഉത്സാഹത്തിലും, വേറിട്ടതും സ്നേഹം നിറഞ്ഞതും ആയ ഈ ജന്മദിനം ആഘോഷിച്ച് കൊണ്ടിരിക്കുന്നു. ആഘോഷിക്കുന്നില്ലേ. ബാബ ഞങ്ങളുടെ ജന്മദിനം ആഘോഷിക്കുന്നു ഞങ്ങൾ ബാബയുടെ ജന്മദിനം ആഘോഷിക്കുന്നു എന്ന സന്തോഷത്തിലാണ് എല്ലാവരും. എത്ര സന്തോഷമാണ്! സന്തോഷം അളക്കാൻ സാധിക്കുമോ. അളവുണ്ടോ. ഈ ലോകത്ത്, ഈ അലൗകീക സന്തോഷം അളക്കാനുള്ള യാതൊരു സാധനവും ഇത് വരെ ഉണ്ടായിട്ടില്ല. സാഗരത്തോളം സന്തോഷമുണ്ടെന്ന് നിങ്ങളോട് പറഞ്ഞാലോ. എങ്കിൽ എന്ത് പറയും. സാഗരമൊന്നും ഒന്നുമല്ല. ശരി ആകാശത്തോളം. ആകാശത്തേക്കാൾ ഉയരത്തിലല്ലേ നിങ്ങളുടെ വീട്, നിങ്ങളുടെ സൂക്ഷ്മവതനം അതിലാൽ ഒരു അളവ് കോലും ഇല്ല, ഉണ്ടാക്കാനും കഴിയില്ല. ഇത്രയും സന്തോഷമുണ്ടെങ്കിൽ ഒരു കൈ കൊണ്ട് കൈ അടിക്കൂ. (എല്ലാവരും കൈ അടിച്ചു). സന്തോഷമുണ്ട് – ഇതിൽ എല്ലാവരും കൈ ഉയർത്തി, ആശംസകൾ. ഇനി രണ്ടാമത്തെ ചോദ്യം (മനസിലായെന്ന പോലെ ചിരിക്കുന്നു) ബാബ് ദാദ ഓരോ കുട്ടിയേയും സദാ വിടർന്നു നിൽക്കുന്ന ആത്മീയ റോസാപുഷ്പമായി കാണാൻ ആഗ്രഹിക്കുന്നു. പകുതി വിടർന്നതല്ല, സദാ മുഴുവൻ വിടർന്നത്. വിടർന്ന പുഷ്പം എത്ര പ്രിയപ്പെട്ടതാണ്. കാണുമ്പോഴേ സന്തോഷം തോന്നും. ഒന്ന് വാടിപ്പോയാൽ എന്ത് ചെയ്യും, മാറ്റി വെയ്ക്കും. ബാബ് ദാദ മാറ്റി നിർത്തുന്നില്ല അവർ സ്വയം മാറി പോകുന്നു.

ഇന്ന് ആഘോഷത്തിന്റെ ദിവസമല്ലേ. മുരളി സദാ കേൾക്കുന്നുണ്ട്. ഇന്ന് വളരെ സന്തോഷത്തോടെ മനസിൽ നൃത്തം ചെയ്യൂ, പാടൂ. മനസു കൊണ്ട് നൃത്തം ചെയ്യൂ, കാലുകൾ കൊണ്ടല്ല. കാലുകൾ കൊണ്ട് നൃത്തം ചെയ്താൽ ബഹളമാകും. എന്നാൽ ബാബ് ദാദ കാണുന്നുണ്ട് കുട്ടികൾ നൃത്തം ചെയ്യുന്നുമുണ്ട് മധുര മധുരമായ ബാബയുടെ മഹിമയും തന്റെ അലൗകീക മഹിമയുടെ ഗീതവും പാടി കൊണ്ടിരിക്കുന്നു. നിങ്ങളുടെ മനസിന്റെ സ്വരം ബാബയുടെ അടുക്കൽ എത്തുന്നുണ്ട്. എല്ലാ ദേശങ്ങളിൽ നിന്നും ശബ്ദം എത്തി കൊണ്ടിരിക്കുന്നുണ്ട്. ബാബയുടെ ശബ്ദം കേട്ടു കൊണ്ടിരിക്കുന്നു ബാബയും അവരുടെ ശബ്ദം കേട്ടു കൊണ്ടിരിക്കുന്നു. ബാബയും പറയുന്നു വിശ്വത്തിലെ വളരെ വളരെ സ്നേഹീ കുട്ടികളെ ധാരാളം നൃത്തം ചെയ്യൂ ധാരാളം പാടൂ വേറെ എന്താ ജോലി. ബ്രാഹ്മണരുടെ ജോലിയെന്താണ്. യോഗം ചെയ്യുക

എന്നാൽ എന്താണ്. ബുദ്ധിമുട്ടുണ്ടോ. യോഗം എന്നതിന്റെ അർത്ഥം തന്നെ ആത്മാ പരമാത്മാ മിലനം എന്നാണ്. കൂടിക്കാഴ്ചകൾ നടക്കുമ്പോൾ എന്താണ് ഉണ്ടാകാറ്. സന്തോഷം കൊണ്ട് നൃത്തം ചെയ്യുന്നു. ബാബയുടെ മഹിമയുടെ മധുര മധുരമായ ഗീതങ്ങൾ ഹൃദയം തനിയെ പാടുന്നു. ബ്രാഹ്മണരുടെ ജോലി തന്നെ ഇതാണ് പാടി കൊണ്ടിരിക്കൂ നൃത്തം ചെയ്ത് കൊണ്ടിരിക്കൂ. ഇതിന് പ്രയാസമുണ്ടോ. ആടാനും പാടാനും പ്രയാസമുണ്ടോ. ഇല്ലല്ലോ. പ്രയാസമുള്ളവർ കൈ ഉയർത്തൂ. ഇപ്പോൾ ആടുന്നതിന്റെയും പാടുന്നതിന്റെയും കാലമാണ്. എങ്കിൽ നിങ്ങളും എന്ത് ചെയ്യണം. ആടൂ പാടൂ. എളുപ്പമല്ലേ. എളുപ്പമാണെങ്കിൽ തലയിളക്കൂ. പ്രയാസമില്ലല്ലോ അല്ലേ. മനപൂർവം സഹജമായതിൽ നിന്നും പ്രയാസത്തിലേക്ക് പോകുകയാണ്. പ്രയാസമേ ഇല്ല, വളരെ സഹജമാണ് കാരണം ബാബയ്ക്കറിയാം അരക്കൽപ്പം പ്രയാസമുള്ള ജീവിതം ജീവിച്ചുഅതിനാൽ ഈ സമയം സഹജമാണ്. പ്രയാസമുള്ളവർ ആരെങ്കിലും ഉണ്ടോ. ഇടയ്ക്കിടെ പ്രയാസം തോന്നുന്നുണ്ടോ. ആരെങ്കിലും പോകെ പോകെ വഴി മറന്ന് വേറെ വഴിയിലൂടെ പോയാൽ പ്രയാസമാകില്ലേ. ജ്ഞാനത്തിന്റെ മാർഗം പ്രയാസമുള്ളതല്ല. ബ്രാഹ്മണ ജീവിതവും പ്രയാസമുള്ളതല്ല. ബ്രാഹ്മണന് പകരം ക്ഷത്രിയനായാൽ ക്ഷത്രിയന്റെ ജോലിയാണ് ഉണ്ടാവുക. യുദ്ധം ചെയ്യുക, വഴക്കിടുക... അത് പ്രയാസം തന്നെ ആയിരിക്കില്ലേ. യുദ്ധം ചെയ്യുക പ്രയാസമാണ്, ഉല്ലസിച്ച് നടക്കൽ സഹജമാണ്.

ഡബിൾ വിദേശികൾ ഉല്ലസിച്ച് നടക്കുന്നവരല്ലേ! ഒരു കൈ കൊണ്ട് കൈ അടിക്കൂ. ഉല്ലാസത്തിലല്ലേ. അവിടെ പോയാൽ വാടി പോകില്ലല്ലോ. നോക്കൂ ഇന്നത്തെ ശിവജയന്തിയുടെ മഹത്വം രണ്ട് കാര്യങ്ങളിലാണ്. ഒന്ന് ഈ ദിവസം വ്രതമെടുക്കുന്നു. ഡബിൾ വിദേശികൾക്ക് ആഘോഷിക്കാൻ പറ്റുന്നില്ല. ഭാരതത്തിൽ മാത്രമാണ് ആഘോഷിക്കുന്നത് അതിനാൽ ഈ ദിവസത്തിന്റെ മഹത്വമാണ് – വ്രതമെടുക്കുക രണ്ടാമത്തേത് ഉണർന്നിരിക്കുക. അപ്പോൾ നിങ്ങളെല്ലാവരും വ്രതമെടുത്തില്ലേ. ഉറച്ച വ്രതമല്ലേ. അതോ ഇടയ്ക്ക് ഇളകുന്നതും ഇടയ്ക്ക് ഉറച്ചതുമാണോ. ഉറപ്പില്ലാത്ത വസ്തുക്കൾ നല്ലതായിരിക്കില്ല. ഉറപ്പുള്ള വസ്തുക്കളെല്ലാം വളരെ നല്ലതല്ലേ. എങ്കിൽ ഏതേ വ്രതമാണ് എടുത്തത്. ബാബ്ദാദ ഏറ്റവും ആദ്യം തന്ന വ്രതം ഏതാണ്. സ്മൃതിയുടെ തിലകം ചാർത്തിയപ്പേൾ ഏറ്റവും ആദ്യം എടുത്ത വ്രതം ഏതാണ്. ഓർമ്മയില്ലേ. സമ്പൂർണ പവിത്ര ഭവ. ബാബ പറഞ്ഞു കുട്ടികൾ ധാരണ ചെയ്തു. പവിത്രതയുടെ വ്രതം വെറും ബ്രഹ്മചര്യ വ്രതം മാത്രമല്ല എന്നാൽ ബ്രഹ്മ സമാനം ഓരോ സങ്കൽപ്പം, വാക്ക്, കർമ്മം ഇവയിൽ പവിത്രത – ഇവരെയാണ് ബ്രഹ്മചാരി എന്നും ബ്രഹ്മാചാരി എന്നും പറയുന്നത്. ഓരോ വാക്കിലും പവിത്രതയുടെ വൈബ്രേഷൻ അടങ്ങിയിരിക്കും. ഓരോ സങ്കൽപ്പത്തിലും പവിത്രതയുടെ മഹത്വം ഉണ്ടായിരിക്കും. ഓരോ കർമ്മത്തിലും, കർമ്മത്തിന്റെയും യോഗത്തിന്റെയും അതായത് കർമ്മയോഗിയുടെ അനുഭവം ഉണ്ടായിരിക്കും – ഇവരെയാണ് ബ്രഹ്മാചാരി എന്ന് പറയുന്നത്. ബ്രഹ്മാബാബയെ നോക്കൂ ഓരോ വാക്കും മഹാവാക്യം, സാധാരണ വാക്കുകളല്ല, കാരണം അവരുടെ ജന്മം തന്നെ സാധാരണമല്ല, അലൗകീകമാണ്. അലൗകീകതയുടെ അർത്ഥം തന്നെ പവിത്രത എന്നാണ്. എങ്കിൽ ദിവസവും രാത്രി സ്വയം തന്റെ ടീച്ചറായി പരിശോധിക്കൂ തന്റെ ശതമാനമനുസരിച്ച് സ്വയം തനിക്ക് തന്നെ മാർക്ക് നൽകൂ. നൂറു ശതമാനമാകണം. എന്നാൽ ഓരോ ദിവസവും സ്വയം തന്നെ തന്നെ നോക്കൂ, മറ്റുള്ളവരേ നോക്കരുത്. തനിക്ക് പകരം മറ്റുള്ളവരെ നോക്കി കൊണ്ടിരിക്കുന്നത് ബാബ്ദാദ കാണുന്നുണ്ട്, അത് സഹജമാണ്. എങ്കിൽ ഇന്നത്തെ ദിവസം സങ്കൽപ്പം, വാക്ക്, കർമ്മം എത്ര ശതമാനണ് എന്ന് സ്വയത്തിൽ നോക്കൂ.

നിങ്ങൾ കുട്ടികൾ ഈ വർഷം നാലു ഭാഗത്തും എന്ത് സന്ദേശമാണ് നൽകിയത്. എല്ലാ പരിപാടികളിലും പരിവർത്തനം എന്ന് കേട്ടിരുന്നു. അവിടെ ഇവിടെയെല്ലാം പ്രഭാഷണം നടത്തിയപ്പോൾ പിരിവർത്തനം എന്ന വിയത്തിൽ വളരെ നന്നായി ഭാഷണം നടത്തിയിരുന്നു. ഈ വർഷം നാലുഭാഗത്തുമുള്ള സേവനങ്ങളിൽ മറ്റുള്ളവർക്കും പരിവർത്തനത്തിന്റെ ലക്ഷ്യം ഗംഭീരമായി നൽകിയിട്ടുണ്ട്, ബാബ്ദാദ സന്തോഷിക്കുന്നു.ഓരോ ദിവസവും ശതമാനത്തിൽ എന്ത് പരിവർത്തനം വന്നു എന്ന് നിങ്ങൾ ദിവസവും സ്വയത്തിലും ചെക്ക് ചെയ്യൂ. പരിവർത്തനം ഉയരുന്ന കലയിലാണ്, ഇറങ്ങുന്ന കലയിലല്ല. ബാബ്ദാദയും ഓരോ കുട്ടിയുടേയും ചാർട്ട് നോക്കുന്നുണ്ട്. എല്ലാ കുട്ടികളുടേയും നോക്കുമോ അതോ വിശേപ്പെട്ട കുട്ടികളുടെ മാത്രം നോക്കുമോ എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. ബാബ്ദാദ എല്ലാ കുട്ടികളുടേയും ചാർട്ട് ഇടയ്ക്കിടെ നോക്കുന്നുണ്ട്, ദിവസവും നോക്കുന്നില്ല എന്നാൽ ഇടയ്ക്കിടെ – അവർ ലാസ്റ്റിൽ ഉള്ളവരായാലും, ഫസ്റ്റിലുള്ളവരായാലും. എല്ലാവരും ചിരിക്കുകയാണെങ്കിൽ ബാബ് ദാദ കേൾപ്പിക്കട്ടെ എന്താ ചാർട്ട് എന്ന്. ഇന്നത്തെ ദിവസം ആഘോഷത്തിന്റേതാണ് അതിനാൽ കേൾപ്പിക്കുന്നില്ല. എന്നാൽ ഇനി മുന്നോട്ടേക്കുള്ള സൂചന നൽകുന്നു ഇന്നത്തെ ദിവസം വ്രതമെടുക്കുന്നതിന്റെ അഥവാ ദൃഢസങ്കൽപ്പം എടുക്കുന്നതിന്റെ. സത്യസന്ധരായ ഭക്തർ വ്രതം ഒരിക്കലും മുറിക്കില്ല. അതിനാൽ ബാബ്ദാദ വിണ്ടും മുന്നോട്ടുള്ള സൂചന നൽകുന്നു ഇപ്പോഴും ആദ്യ അടിത്തറയായ സങ്കൽപ്പ ശക്തി ഇടയ്ക്കിടെ വേസ്റ്റാകുന്നു, നെഗറ്റീവ് വേസ്റ്റിനേക്കാൾ അൽപ്പം കുറവാണ്. ഈ സങ്കൽപ്പ ശക്തിയുടെ ഉപയോഗം എത്ര

സ്വയത്തേ പ്രതിയും വിശ്വത്തേ പ്രതിയും ചെയ്യേണ്ടതുണ്ടോ അത്രയും കൂടുതൽ വർദ്ധിപ്പിക്കൂ കാരണം സങ്കൽപ്പത്തിന്റെ ആധാരത്തിലാണ് വാക്കും കർമ്മവും ഉണ്ടാകുന്നത് അതിനാൽ സങ്കൽപ്പ ശക്തിയുടെ പരിവർത്തനം ചെയ്യൂ. എന്ത് വേസ്റ്റും നെഗറ്റീവും ആണോ വരുന്നത് അവയെ പരിവർത്തനപ്പെടുത്തി വിശ്വകല്യാണ കാര്യങ്ങളിൽ ഉപയോഗിക്കൂ. ബാബ് ദാദ സങ്കൽപ്പത്തിന്റെ ഖജനാവ് സർവ ശ്രേഷ്ഠമായി കണക്കാക്കുന്നു അതിനാൽ സങ്കൽപ്പ ശക്തിയുടെ ഖജനാവിനെ പ്രതി എക്കോണമിയുടെ അവതാരമായി മാറൂ. ഇന്നത്തെ ദിവസം അവതരണ ദിവസം എന്ന് പറയുന്നു അതിനാൽ ബാബ്ദാദയ്ക്ക് എല്ലാ കുട്ടികളേ പ്രതിയും ഈ ശുഭ ആശയാണുള്ളത് അതായത് ഇന്നത്തെ ദിവസം ശിവ അവതരണത്തോടൊപ്പം നിങ്ങൾ എല്ലാവരും എക്കോണമിയുടെ അവതാരമായി മാറൂ. സങ്കൽപ്പത്തിൽ എക്കോണമി എന്നാൽ വേസ്റ്റിൽ നിന്നും മുക്തം, എങ്കിൽ മറ്റെല്ലാ ഖജനാവുകളും തനിയെ മുക്തമാകും. എങ്കിൽ 99 ൽ എന്ത് സംഭവിക്കും. 99 തുടങ്ങി. 99ൽ എന്ത് സംഭവിക്കും എന്ന് മുമ്പ് ചിന്തിച്ചിരുന്നു. എന്തെങ്കിലും സംഭവിച്ചോ. ഫ്രബ്രുവരി വന്നു. ഇനി ഉണ്ടായാൽ തന്നെ നിങ്ങൾക്കെന്താണ്. നിങ്ങൾക്കെന്തെങ്കിലും നഷ്ടമുണ്ടോ. ഭയമുണ്ടോ. എന്ത് സംഭവിക്കും എന്ന് ഭയമുണ്ടോ. നിങ്ങൾക്ക് നല്ലതെ സംഭവിക്കൂ. ലോകത്ത് എന്തും സംഭവിക്കും നിങ്ങൾ നിർഭയരായി ഹർഷിതമുഖത്തോടെ കളി കണ്ട് കൊണ്ടിരിക്കണം. കളിയിൽ രക്തവും കാണപ്പെടും സ്നേഹവും കാണും. യുദ്ധം കാണുമെങ്കിലും നല്ല കാര്യങ്ങളും കാണും. എങ്കിൽ കളിയിൽ ഭയം തോന്നാറുണ്ടോ. എന്ത് സംഭവിക്കും, എന്തുണ്ടായി, എന്തുണ്ടായി. ഇങ്ങനെ ചിന്തിക്കാറുണ്ടോ. രസിച്ചിരുന്ന് കാണും. എങ്കിൽ ഇതും പരിധിയില്ലാത്ത കളിയാണ്. അൽപ്പമെങ്കിലും ഭയമോ,തളർച്ചയോ ഉണ്ടാകുമോ – എന്ത് സംഭവിച്ചു, എന്ത് സംഭവിച്ചു... ഇങ്ങനെ ഉണ്ടാകരുത്, കാരണം ഇങ്ങനെ ഉണ്ടായാൽ ആ സ്ഥിതിയിലുള്ളവരിൽ പ്രഭാവം ഉണ്ടാകും. നല്ലതിലും നല്ല സ്ഥിതിയിലും പ്രശ്നങ്ങളുടെ സ്ഥിതിയിലും സ്വയം പ്രശ്നങ്ങളിലേക്ക് പോകും, ഇളക്കങ്ങളിൽ വരും അതിനാൽ 99 വന്നാലും 2000 വന്നാതും നിങ്ങൾക്കെന്താ. കളി നടക്കട്ടെ. ആസ്വദിച്ച് കാണൂ. പേടിക്കരുത്. അയ്യോ ഇത് എന്ത് സംഭവിച്ചു! സങ്കൽപ്പത്തിൽ പോലും വരരുത്. എല്ലാവരും ചോദിക്കുന്നു 99 ൽ എന്ത് സംഭവിക്കും. എന്തെങ്കിലും ഉണ്ടാകും, ഒന്നും ഉണ്ടാകില്ല. ബാബ്ദാദ പറയുന്നു നിങ്ങൾ കുട്ടികൾ തന്നെയാണ് നന്നായി വൃത്തിയാക്കുന്ന സേവനം പ്രകൃതിയ്ക്ക് നൽകിയത്, വളരെ നീളത്തിലുള്ള ചൂലും നൽകിയിട്ടുണ്ട്, വൃത്തിയാക്കൂ. പിന്നെ ഭയക്കുന്നതെന്തിന് . നിങ്ങളുടെ ഓർഡർ പ്രകാരം വൃത്തിയാക്കുകയാണെങ്കിൽ നിങ്ങൾ എന്തിന് ഇളക്കത്തിൽ വരണം. നിങ്ങൾ തന്നെയാണ് ഓർഡർ കൊടുത്തത്. എങ്കിൽ അചഞ്ചലരായി മനസിനേയും ബുദ്ധിയേയും പരിപൂർണമായും ശക്തിശാലിയാക്കി അചഞ്ചല സ്ഥിതിയിൽ സ്ഥിതി ചെയ്യൂ. പ്രകൃതിയുടെ കളി കണ്ട് കൊണ്ട് നടക്കൂ. ഭയപ്പെടരുത്. നിങ്ങൾ അലൗകീകരാണ് സാധാരണക്കാരല്ല. സാധാരണ ജനങ്ങൾ ഇളക്കങ്ങളിൽ വരും, ഭയപ്പെടും. അലൗകികരും, മാസ്റ്റർ സർവശക്തിവാൻമാരുമായ ആത്മാക്കൾ കളി കണ്ട് കൊണ്ടും സ്വയം വിശ്വകല്യാണ കാര്യത്തിൽ ബിസിയായിരിക്കും. മനസും ബുദ്ധിയും ഫ്രീയാക്കി വെയ്ക്കുക ആണെങ്കിൽ ഭയപ്പെടും. മനസ് കൊണ്ടും ബുദ്ധി കെണ്ടും ലൈറ്റ് ഹൗസ് ആകൂ, ലൈറ്റ് വ്യാപിപ്പിക്കും, ഈ കാര്യത്തിൽ ബിസിയായിരിക്കുകയാണെങ്കിൽ ബിസിയായ ആത്മാക്കൾക്ക് ഭയമുണ്ടാകില്ല, സാക്ഷീ സ്ഥിതിയിലായിരിക്കും. ഇനി മറ്റെന്തെങ്കിലും ഇളക്കങ്ങൾ ഉണ്ടാവുകയാണെങ്കിലും തന്റെ ബുദ്ധി സദാ ക്ലിയറാക്കി വെയ്ക്കണം, എന്ത് , എന്ത് കൊണ്ട് എന്ന് ബുദ്ധിയെ ബിസിയാക്കി വെയ്ക്കരുത് അഥവാ നിറച്ച് വെയ്ക്കരുത്, കാലിയാക്കി വെയ്ക്കണം. ഒരു ബാബയും ഞാനും... അപ്പോൾ സമയമനുസരിച്ച് പത്രമോ, ടോലിഫോണോ, ടീ വി യോ അല്ലെങ്കിൽ നിങ്ങളുടെ മറ്റെന്തെങ്കിലും സാധനമോ, ഇവയോന്നും കിട്ടിയില്ലെങ്കിലും ബാബ്ദാദയുടെ നിർദ്ദേശങ്ങൾ വ്യക്തമായി പിടിച്ചെടുക്കാൻ സാധിക്കും. ഈ സയിൻസിന്റെ സാധാനങ്ങളെ ഒരിക്കലും ആധാരമായെടുക്കരുത്. ഉപയോഗിച്ച് കൊള്ളൂ എന്നാൽ തന്റെ ജീവിതം സാധനങ്ങളുടെ ആധാരത്തിലാക്കി മാറ്ററുത്. ചിലപ്പോഴെല്ലാം സയൻസിന്റെ സാധനങ്ങൾ ഉണ്ടെങ്കിലും ഉപയോഗിക്കാൻ സാധിക്കാറില്ല അതിനാൽ സൈലൻസിന്റെ സാധനം – എവിടെയാണെങ്കിലും, എങ്ങനെയുള്ള പരിസ്ഥിതിയാണെങ്കിലും വളരെ സ്പഷ്ടമായും വളരെ വേഗത്തിലും കർമ്മത്തിൽ വരും . എന്നാൽ തന്റെ ബുദ്ധിയുടെ ലൈൻ വളരെ ക്ലിയറാക്കി വെയ്ക്കണം. മനസിലായോ. വളരെ വേഗം സ്വർണിമയുഗം വരട്ടെ എന്ന് നിങ്ങൾ തന്നെയാണ് ആഹ്വാനം ചെയ്യുന്നത്. എങ്കിൽ സ്വർണിമയുഗത്തിന് ഈ ശുദ്ധീകരണം ആവശ്യമല്ലേ. അതിനാൽ പ്രകൃതി നന്നായി ശുദ്ധമാക്കും.

എങ്കിൽ ഇന്നത്തെ ദിവസം സങ്കൽപ്പമല്ല ദൃഢ സങ്കൽപ്പം എടുത്തില്ലേ. എക്കോണമിയുടെ അവതാരമായി മാറുക തന്നെ വേണം. സങ്കൽപ്പത്തിലായാലും വാക്കുകളിലാണെങ്കിലും സാധാരണ കർമ്മങ്ങളിലാണെങ്കിലും എക്കോണമി. ഇനി രണ്ടാമത്തെ കാര്യം – സദാ ബുദ്ധി ക്ലിയറാക്കി വെയ്ക്കണം. ഏതിനേയാണോ ബാബ് ദാദ വോറൊരു ശബ്ദത്തിൽ പറയുന്നത് സത്യമായ ഹൃദയത്തിൽ സാഹേബ് ഇരിക്കുന്നു. സത്യമായ ഹൃദയം, ശുദ്ധമായ ഹൃദയം. ഇപ്പോഴത്തെ സമയമനുസരിച്ച് സത്യതയും ശുദ്ധതയും ആവശ്യമാണ്. ഹൃദയത്തിൽ സത്യത, പരിവാരത്തിൽ സത്യത, ബാബയിലും സത്യത. മനസിലായോ. ഇന്നത്തെ ദിവസം പറയാനുള്ളതായിരുന്നില്ല എന്നാൽ പറഞ്ഞു പോയി. ബാബ് ദാദയ്ക്ക് സ്നേഹമല്ലേ അതിനാൽ അൽപ്പം

പോലും കുറവ് ബാബ് ദാദ കാണാൻ ഇഷ്ടപ്പെടുന്നില്ല. ബാബ് ദാദ സദാ ഓരോ കുട്ടിയും തനിയ്ക്ക് സമാനം സമ്പൂർണമായി കാണാൻ ആഗ്രഹിക്കുന്നു.

നാലുഭാഗത്തും ഇളക്കങ്ങളാണ്, പ്രകൃതിയുടെ എല്ലാ തത്വങ്ങളും വളരെ ഇളക്കങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു, ഒരു ഭാഗം പോലും ഇളക്കങ്ങളിൽ നിന്നും മുക്തമല്ല, വ്യക്തികൾക്കും പ്രശ്നങ്ങളാണ്, പ്രകൃത്യയിലും പ്രശ്നങ്ങൾ, ഇപ്രകാരം സൃഷ്ടിയുടെ നാലുഭാഗത്തും പ്രശ്നങ്ങളാണെങ്കിൽ നിങ്ങൾ എന്ത് ചെയ്യും. സുരക്ഷയുടെ സാധനം എന്താണ്. സെക്കന്റിൽ സ്വയത്തെ വിദേഹീ, അശരീരീ അല്ലെങ്കിൽ ആത്മാഭിമാനിയാക്കി മാറ്റുകയാണെങ്കിൽ ഇളക്കങ്ങളിലും അചഞ്ചലരായി ഇരിക്കാൻ സാധിക്കും. ഇതിന് സമയമെടുക്കില്ലല്ലോ. എന്ത് സംഭവിക്കും. ഇപ്പോൾ തന്നെ ശ്രമിച്ച് നോക്കൂ – ഒരു സെക്കന്റിൽ മനസിനേയും ബുദ്ധിയെയും എവിടെ ആഗ്രഹിക്കുന്നോ അവിടെ നിർത്താൻ സാധിക്കുന്നുണ്ടോ. (ഡ്രിൽ) ഇതിനെയാണ് സാധന എന്ന് പറയുന്നത്. ശരി.

ദേശവിദേശങ്ങളിലെ നാലുഭാഗത്തുമുള്ള ബാബയുടെ സ്നേഹത്തിൽ അലിഞ്ഞിരിക്കുന്ന ആത്മാക്കൾക്ക്, സദാ സ്വയത്തെ ബ്രഹ്മാചാരീ സ്ഥിതിയിൽ സ്ഥിതി ചെയ്യിപ്പിക്കുന്ന സ്നേഹിയും സഹയോഗിയുമായ കുട്ടികൾക്ക്, സദാ ഏകനാമിയും, എക്കോണമിയും കാര്യങ്ങളിൽ പ്രയോഗിക്കുന്ന ധൈര്യശാലീ മക്കൾക്ക്, സദാ ഇളക്കങ്ങളിലും അചഞ്ചലരായിരിക്കുന്ന നിർഭയ ആത്മാക്കൾക്ക്, സദാ ഉല്ലാസിച്ച് നടക്കുന്നവർക്ക്, ബാബയുടെ സമീപമിരിക്കുന്ന കുട്ടികൾക്ക് സ്നേഹസ്മരണയും നമസ്തേയും.

കുട്ടികളുടെ കാർഡുകൾ ലഭിച്ചു. ബാബ് ദാദ നോക്കി കൊണ്ടിരിക്കുന്നു, എല്ലാവരും ജന്മദിനത്തിന്റെ കാർഡുകളും, വിദേശത്തുള്ളവർ സ്നഹത്തിന്റെ ദിവസത്തിന്റെ കാർഡുകളും അയച്ചിട്ടുണ്ട്. അതിനാൽ സ്നേഹ സാഗരനായ ബാബ ശിവരാത്രിയോടൊപ്പം സ്നേഹത്തിൽ അലിഞ്ഞിരിക്കുന്ന ദിവസത്തിന്റെയും ആശംസകൾ നൽകുന്നു. ആശംസകൾ, ആശംസകൾ, ആശംസകൾ.
നാലു ഭാഗത്തുമുള്ള ദേശം, പട്ടണം, ഗ്രാമം, നാലു ഭാഗത്തുമുള്ള കുട്ടികൾക്ക്, ഏറ്റവും ആദ്യം ചെറിയ ചെറിയ ഗ്രാമങ്ങളിലെ കുട്ടികൾക്ക് സ്നേഹ സ്മരണയും ആശംസകളും. കൂടെ നിങ്ങൾക്കെല്ലാവർക്കും ആശംസകൾ. എത്ര ആശംസകൾ നൽകി. നിങ്ങൾക്ക് എത്ര ധാരണ ചെയ്യാൻ സാധിക്കുമോ അതിനേക്കാൾ കൂടുതൽ ആശംസകൾ.
കുട്ടികളുടെ കാർഡുകൾ ലഭിച്ചു. ബാബ് ദാദ നോക്കി കൊണ്ടിരിക്കുന്നു, എല്ലാവരും ജന്മദിനത്തിന്റെ കാർഡുകളും, വിദേശത്തുള്ളവർ സ്നഹത്തിന്റെ ദിവസത്തിന്റെ കാർഡുകളും അയച്ചിട്ടുണ്ട്. അതിനാൽ സ്നേഹ സാഗരനായ ബാബ ശിവരാത്രിയോടൊപ്പം സ്നേഹത്തിൽ അലിഞ്ഞിരിക്കുന്ന ദിവസത്തിന്റെയും ആശംസകൾ നൽകുന്നു. ആശംസകൾ, ആശംസകൾ, ആശംസകൾ.
നാലു ഭാഗത്തുമുള്ള ദേശം, പട്ടണം, ഗ്രാമം, നാലു ഭാഗത്തുമുള്ള കുട്ടികൾക്ക്, ഏറ്റവും ആദ്യം ചെറിയ ചെറിയ ഗ്രാമങ്ങളിലെ കുട്ടികൾക്ക് സ്നേഹ സ്മരണയും ആശംസകളും. കൂടെ നിങ്ങൾക്കെല്ലാവർക്കും ആശംസകൾ. എത്ര ആശംസകൾ നൽകി. നിങ്ങൾക്ക് എത്ര ധാരണ ചെയ്യാൻ സാധിക്കുമോ അതിനേക്കാൾ കൂടുതൽ ആശംസകൾ.

## വരദാനം – സ്നേഹത്തിന്റെയും നവീനതയുടേയും അധോറിറ്റിയായി സമർപ്പിതരാകുന്ന മഹാൻ ആത്മാവായി ഭവിക്കട്ടെ.

ആര് സമ്പർക്കത്തിൽ വരുന്നോ അവരെ ഇങ്ങനെയുള്ള സംമ്പന്ധത്തിൽ കൊണ്ട് വരൂ ആരാണോ സമ്പർക്കത്തിൽ വന്ന് വന്ന് സമർപ്പണ ബുദ്ധിയായി മാറുകയും ഇങ്ങനെ പറയുകയും ചെയ്യും ബാബ എന്ത് പറയുന്നുവോ അത് തന്നെയാണ് സത്യം, ഇവരെ സമർപ്പണ ബുദ്ധി എന്ന് പറയുന്നു. പിന്നീട് അവരുടെ ചോദ്യങ്ങളെല്ലാം അവസാനിക്കും. ഇവരുടെ ജ്ഞാനം നല്ലതാണ് എന്ന് പറയുക മാത്രമല്ല ചെയ്യുന്നത്. എന്നാൽ ഇത് പുതിയ ലോകം കൊണ്ട് വരുന്ന പുതിയ ജ്ഞാനമാണ് – ഈ സ്വരം ഉയരുമ്പോൾ കുംബകർണന്മാർ ഉണരും. എങ്കിൽ നവീനതയുടെ മഹാനതയിലൂടെ സ്നേഹത്തിന്റെയും, അധോറിറ്റിയുടേയും ബാലൻസിലൂടെ ഇപ്രകാരം സമർപ്പിതരാക്കൂ അപ്പോൾ പറയാം മൈക്ക് തയ്യാറായി എന്ന്.

## സ്ലോഗൻ – ഒരു പരമാത്മാവിന്റെ സ്നേഹിയാകൂ എങ്കിൽ വിശ്വത്തിന്റെ സ്നേഹിയാകും

.